"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നഗരസഭകളിലെ ചെയർമാൻമാർക്ക് ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് പേഴ്സണൽ അസിസ്റ്റന്റായി അതാത് നഗരസഭകളിലെ എൽ.ഡി.ക്ലാർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1869/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/08/2019

---

പരാമർശം:- മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ സർക്കാരിനോട് നടത്തിയ അഭ്യർത്ഥന

**ഉത്തരവ്**

മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നഗരസഭകളിലെ ചെയർമാൻ മാർ, കേരള മുനിസിപ്പൽ ആക്റ്റ്, അനുബന്ധ വിഷയങ്ങൾ, ചട്ടങ്ങൾ, എന്നിവ പ്രകാരവും വികേന്ദ്രീകൃത ആസൂത്രണം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയുമായും ബന്ധപ്പെട്ട് നിരവധി ചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ഇത്തരം ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് ഒരു പേഴ്സണൽ അസിസ്റ്റന്റിന്റെ സേവനം പ്രയോജനകരമാണെന്നും അതാത് നഗരസഭകളിലെ എൽ.ഡി.ക്ലാർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ടി ചുമതലയിൽ നിയിമിക്കാൻ അനുമതി നൽകണമെന്നും മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നഗരസഭകളിലെ ചെയർമാൻമാർക്ക് ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് പേഴ്സണൽ അസിസ്റ്റന്റായി അതാത് നഗരസഭകളിലെ എൽ.ഡി.ക്ലാർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയിമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJEEVE C R**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ, കേരള മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

# File No.LSGD-EM2/305/2019-LSGD

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)
വകുപ്പ്.(പ്രസിദ്ധീകരിണത്തിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശ സ്വയഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി